**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം-ഗുരുവായൂർ നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന-നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി 'താക്കീത്' നൽകി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.1611/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 27/07/2019

---

പരാമർശം :- 1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 13.05.2015 തീയതിയിലെ സി.ടി.പി.(വിജി) നം 338/15 നമ്പർ റിപ്പോർട്ട് .

2. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമന് നൽകിയ 23.01.2016 തീയതിയിലെ തസ്വഭവ- ഇ.യു.1/392/2015/ ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ സമർപ്പിച്ച 20.04.2016 തീയതിയിലെ പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 06.02.2019 തീയതിയിലെ വി3-2087/16 നമ്പർ കത്ത്.

**ഉത്തരവ്**

ഗുരുവായൂർ നഗരസഭയിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) 04.03.2015 മുതൽ 13.03.2015 വരെ നടത്തിയ മിന്നൽ പരിശോധനയിൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമൻ, 06.06.2014-ലെ ബി.എ 27/2014-15 നമ്പരായി ശ്രീ മുഹമ്മദ് അഷ്റഫ് പുളിച്ചാറം വീട്ടിൽ, ഗുരുവായൂർ എന്ന വ്യക്തിയുടെ പേരിലുള്ള 139/14 സർവ്വെ നമ്പരിലെ 12.63 സെന്റ് വസ്തുവിൽ റസിഡൻഷ്യൽ ബിൽഡിംഗിനായി അനുമതി നൽകിയ പെർമിറ്റിൽ 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 34(2), 50(2), 42 പ്രകാരം ലംഘനമുള്ളതായി കണ്ടെത്തി പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തു. ആയതിന് ടി കാലയളവിൽ ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമന് പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ശ്രീ.

രഘുരാമൻ പരാമർശം മൂന്ന് പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുമുണ്ടായി.

2. വിജിലൻസ് റിപ്പോർട്ടിലെ കാർപാർക്കിംഗ് സ്പേസ് സംബന്ധിച്ച പരാമർശത്തിന് ആവശ്യമായ പാർട്ടി സ്പെയ്സ് പ്രൊവൈഡ് ചെയ്തുവെന്ന മുനിസിപ്പൽ ഉദ്യോഗസ്ഥരുടെ അഭിപ്രായം ശരിയാണെന്ന കാണുന്നുവെന്നും, പാർക്കിംഗിന് അനുവദിച്ച സ്ഥലത്ത് ഗ്രൗണ്ട് ഫ്ളോറിൽ പില്ലർ മാത്രമാണ് വരുന്നതെന്നും മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ കൺസ്ട്രക്ഷൻ സൈറ്റും ഇപ്രകാരം തന്നെയാണെന്നും റിക്രിയിഷേൻ സ്പെയ്സ് ഉൾപ്പെടുത്തിയിട്ടില്ല എന്ന പരാമർശത്തിന് ജില്ലാ ടൗൺ പ്ലാനർ ലേഔട്ട് അംഗീകാരം നൽകിയതിനാലാണ് കൂടുതൽ പരിശോധന നടത്താതെ പെർമിറ്റ് നൽകിയതെന്നും, പരിശോധന സമയത്ത് മുനിസിപ്പൽ അധികൃതർ അറിയിക്കുകയുണ്ടായതെന്നും എന്നാൽ ഫയർ എസ്കേപ്പ് സ്റ്റെയർ ഉണ്ടെങ്കിലും ആയത് റൂൾ 42 -ലെ വ്യവസ്ഥകൾക്കനുസൃതമല്ല എന്നും ഇതു സംബന്ധിച്ച് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമൻ നൽകിയ മറുപടിയിൽ ബി.എ/27/14-15-ാം നമ്പർ ഫയലിൽ അപേക്ഷകൻ സമർപ്പിച്ചിരിക്കുന്ന പ്ലാൻ കെ.എം.ബി.ആറിന് വിധേയമാണെന്നും, അനുമതി നൽകാവുന്നതാണെന്നും വ്യക്തമായ റിപ്പോർട്ട് 18.11.2014-ന് ബിൽഡിംഗ് ഇൻസ്പെക്ടർ രേഖപ്പെടുത്തുകയും ആയത് പരിശോധിച്ച അസിസ്റ്റന്റ് എഞ്ചിനീയർ പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന് 19.11.2014-ൽ ഫയലിൽ ശുപാർശ ചെയ്യുകയും, 20.11.2014 ൽ മുനിസിപ്പൽ എഞ്ചിനീയർ അംഗീകരിച്ച് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുള്ളതുമാണെന്നും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ ശുപാർശ അംഗീകരിക്കുക മാത്രമാണ് എക്സിക്യൂട്ടീവ് അതോറിറ്റി എന്ന നിലയിൽ ടിയാൻ ചെയ്തിട്ടുള്ളതെന്നും വിജിലൻസ് റിപ്പോർട്ടിനെ തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ച അറിയിപ്പ് പ്രകാരം ടി കെട്ടിട നിർമ്മാണത്തിന് നൽകിയ ബിൽഡിംഗ് പെർമിറ്റ് 15.02.16-ൽ റദ്ദ് ചെയ്തിട്ടുണ്ട് എന്നും ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുള്ളതും തെറ്റായ പ്ലാൻ സമർപ്പിച്ച ബിൽഡിംഗ് സൂപ്പർവൈസറുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണെന്നും ശ്രീ. രഘുരാമൻ പരാമർശം മൂന്ന് പ്രകാരം മറുപടി ബോധിപ്പിച്ചിട്ടുണ്ട്.

3. 27.06.2010-ലെ 36587/ആർ.എ 1/09/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ വരുത്തേണ്ടത് നേരിട്ട് സ്ഥലം പരിശോധിക്കുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷേ ചീഫ് ടൗൺപ്ലാനർ വിജിലൻസിന്റെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും കേരള കെട്ടിട നിർമ്മാണ

ചട്ടങ്ങളിലെ 34(2), 42, 50(2) എന്നീ ചട്ടങ്ങളുടെ ലംഘനങ്ങളോടെയാണ് മേൽ പരാമർശിത കെട്ടിടത്തിന് അനുമതി നൽകിയിട്ടുള്ളതെന്ന് കാണുന്നത്. ആയത് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ചീഫ് ടൗൺ പ്ലാനർ വിജിലൻസ് പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തി സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയശേഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന് ചട്ടവിരുദ്ധമായി അനുവദിച്ച നൽകിയ പെർമിറ്റ് ശ്രീ രഘുരാമൻ റദ്ദ് ചെയ്യുകയും ബന്ധപ്പെട്ട എഞ്ചിനീയറിംഗ് ജീവനക്കാർക്ക് മെമ്മോ നൽകുകയും ചെയ്തത്, കൂടാതെ തെറ്റായ പ്ലാൻ സമർപ്പിച്ച ബിൽഡിംഗ് സൂപ്പർവൈസറുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയുമുണ്ടായി. ഈ സാഹചര്യത്തിൽ ശ്രീ രഘുരാമനെതിരെയുള്ള അച്ചടക്ക നടപടി "താക്കീത്" നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണിമാത്യു**

അഡീഷണൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.

ചെയർമാൻ/ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ.

ശ്രീ. രഘുരാമൻ, സെക്രട്ടറി, പാലക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.